(എ) ഉണ്ട്.

(ബി) കേരളത്തിലെ കയർമേഖലയിൽ പ്രധാനപ്രശ്നങ്ങളുടെ പരിഹാരത്തിനായി മിനിമം വേതനവും തുടർച്ചയായ തൊഴിലും ഉറപ്പാക്കുക, ഉല്പാദനക്ഷമത നിലവിലുള്ളതിനെക്കാളും വർധിപ്പിക്കുക, ഉത്പാദിക്കുന്ന കയർ ന്യായമായ വിലക്ക് യഥാസമയം വിറ്റഴിക്കാനുള്ള മാർഗ്ഗം സ്വീകരിക്കുക, ഉല്പാദനക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകൾ വിവിധ ഏജൻസികൾ വഴി വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുക. വിദേശത്തും ഇന്ത്യയിലും വമ്പിച്ച തോതിൽ പ്രയോജനപ്പെടുത്താവുന്നതായ "കയർ ജിയോടെക്സ്റ്റിയൽസ്" വികസിപ്പിച്ചെടുക്കുന്നതിന് സഹായകരമായ ഒരു പദ്ധതി നടപ്പിലാക്കുക, പുതിയ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക ഇവയാണ്. കൂടാതെ ഉല്പാദനചെലവിനനുസൃതമായി ഉല്പന്നങ്ങൾക്ക് യഥാർത്ഥവില ലഭിക്കുന്നില്ലെന്ന സഹകരണസംഘങ്ങളുടെ പരാതി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു.

കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. കയർ യാൺ, കയർഫൈബർ, കയർ പിത്ത് ഉപയോഗിച്ച് പുതിയ കയറുല്പന്നങ്ങൾ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ രണ്ട് പ്രാവശ്യമായി 21 രൂപയുടെ വർധനവ് വരുത്തി. തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കുന്നതിനായി പുനഃരുദ്ധാരണ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിപ്രകാരം 475 സംഘങ്ങൾക്കായി 14.55 കോടി രൂപ ഇതുവരെ 50% വായ്പയായും 50% ഗ്രാന്റായും വിതരണം ചെയ്തു. പൊതു വിപണിയിൽ നിന്ന് ചകിരി വാങ്ങി ഉല്പാദനം നടത്തുന്നതിനായി സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കി. കയറിന്റെ ഉപയോഗം വർദ്ധിപ്പിച്ച് കയർ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭ്യമാക്കുന്നതിന് കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വർധിപ്പിക്കാനുള്ള പദ്ധതി 2000-2001 മുതൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതിചെയ്ത് 28,137 മുൻ കയർ തൊഴിലാളികളെകൂടി ക്ഷേമനിധിയിൽ അംഗമാക്കുകയും തൊഴിൽ ഉടമയുടെ അംഗീകാരമില്ലാതെതന്നെ അംഗത്വവിഹിതമടച്ചു ക്ഷേമനിധിയിൽ അംഗമാക്കാൻ തൊഴിലാളികൾക്ക് അവകാശവും നൽകി. പ്രതിമാസ കയർതൊഴിലാളി പെൻഷൻ 75 രൂപയിൽനിന്ന് 100 രൂപയായി വർധിപ്പിച്ചു.

49 (625) പരമ്പരാഗത കയറുല്പന്ന മേഖല

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയറുല്പന്ന മേഖലയിലെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ ഉല്പാദനക്ഷമതയും ഗുണമേന്മയും വർധിപ്പിക്കുവാൻ ഗുണമേന്മയും വർധിപ്പിക്കുവാൻ കയർബോർഡ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പരമ്പരാഗത കയറുല്പാദന മേഖല ആധുനീകരിക്കുന്നതിന് കയർ ഉല്പാദകർക്ക് പ്രത്യേക പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് കയർബോർഡ് വിഭാവനം ചെയ്തിട്ടുള്ള പരിപാടി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തുനിന്ന് എത്രപേർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കയറിന്റെ ഉപയോഗം വർധിപ്പിക്കുന്നതിന് കൂടുതൽ കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി എൻ.സി.ഡി.സി യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സഹകരണമേഖലയിൽ വിവിധതരം കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പ്രോജക്ട് ചെലവിന്റെ 65 ശതമാനം വായ്പയായും 30 ശതമാനം ഓഹരിയായും നൽകുന്നു. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്കു രൂപം നൽകിവരുന്നു. 2000-2001 വർഷം ഭൂവസ്ത്രവർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ മേഖലയിൽ വമ്പിച്ച വികസന സാധ്യത ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) ഉണ്ട്

(സി) ഉണ്ട്.

(ഡി) കയർബോർഡ് പരിശീലനം കൊടുത്ത പരിശീലകരെകൊണ്ട് പരമ്പരാഗത കയർപിരി തൊഴിലാളികൾക്ക് യന്ത്രവല്കൃത റാട്ടിൽ ഗുണമേന്മയുള്ള കയർ പിരിക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയാകയാൽ യന്ത്രവൽകൃത റാട്ടിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കു പരിശീലനം നൽകാനുള്ളതാണ്. അതിനാൽ തൊഴിലാളികളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

50 (626). കയർ മേഖലയുടെ വികസനം

പ്രൊഫ: എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനത്തിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കയറുല്പന്നങ്ങൾ കെട്ടികിടക്കുന്നത് വിറ്റഴിക്കുന്നതിനും പുതിയ വിപണി കണ്ടെത്തുന്നതിനും കയർ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ബി) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ വിശദാംശവും[+] അനുബന്ധമായി ചേർത്തിട്ടുണ്ട്.

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly